# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

എച്ച്.ആർ.എം.പി. നംമ്പർ : 2438/11/12/2023/ TVM

പരാതികക്ഷി : രാഗം റഹിം,ടി.സി.35/968
ബിലാൽനഗർ,വള്ളക്കടവ്,തിരുവനന്തപുരം

എതിർകക്ഷികൾ :

**ഉത്തരവ് തീയതി 09.05.2024**

തിരുവനന്തപുരം ശ്രീവരാഹം സെക്ഷൻെറ കീഴിലുള്ള വള്ളക്കടവ്, പുത്തൻ റോഡ് ജംഗ്ഷൻ തുടങ്ങിയ സ്ഥലങ്ങളിൽ വൈദ്യുതി സ്ഥിരമായി മുടങ്ങാറുണ്ടെന്നും, ഇതു കാരണം സമീപ പ്രദേശങ്ങളിലെ രോഗികൾ ഇൽപ്പെടെയുള്ളവർ വളരെയധികം കഷ്ടപ്പെടുന്നതായും മറ്റുമാണ് പരാതി സംഗതി.

പരാതി സംഗതിയിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് കഴക്കൂട്ടം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ വിശദമായ ഒരു അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു

സാധാരണയായി പ്രവൃത്തി സമയങ്ങളിൽ ഫീഡറുകളുടെ ലോഡ് ക്രമപ്പെടുത്തിയിട്ടുള്ള പരിധിക്കുള്ളിൽ തന്നെയാണ് ഉപയോഗിക്കുന്നതെന്നും,എ ന്നാൽ കാലാവസ്ഥാ വ്യതിയാനംമൂലം അന്തരീക്ഷം ക്രമാതീതമായി ചൂടാവുന്നതിനാൽ എയർകണ്ടീഷണറുകളുടെ രാത്രികാലങ്ങളിലുള്ള ഉപയോഗം വർദ്ധിച്ചുവരുകയാണെന്നും, മിക്ക എയർകണ്ടീഷണറുകളും രാത്രി 10 മണിയോടെ ഒന്നിച്ച് ഒരേ സമയം പ്രവർത്തിക്കാൻ തുടങ്ങുന്നതായും, സ്റ്റാർട്ടിംഗ് കറൻറിലെ ഈ വർദ്ധനവ് കാരണം ഫീഡറുകളിലെ ലോഡ് വർദ്ധിക്കുകയും ലൈനിനെ സംരക്ഷിക്കുവാനായി ഫ്യൂസുകൾ കത്തിപ്പോകുകയും ചെയ്യുന്നതായും, ശ്രീവരാഹം സെക്ഷൻെറ കീഴിൽ വരുന്ന മറ്റു ട്രാൻസ്ഫൊർമറുകളും ഇതേ പ്രശ്നം നേരിടുന്നതിനാൽ നൈറ്റ് ഡ്യൂട്ടി സ്റ്റാഫുകൾക്ക് വള്ളക്കടവ് ട്രാൻസ്ഫോർമറുകൾക്ക് അടുത്ത് എത്തിച്ചേരുവാനും തകരാർ പരിഹരിക്കുവാനും കൃത്യസമയത്ത് കഴിയാതെ വരുന്നതായും ആയതിനാൽ മിനിറ്റുകളുടെ കാലതാമസം ഉണ്ടായിട്ടുണ്ടെന്നും റിപ്പോർട്ടിൽ കാണുന്നു.

പതിവായി വൈദ്യുതി മുടക്കം സംഭവിക്കുന്ന പ്രദേശത്തിൻെറ ലോഡ് കുറയ്ക്കാൻ, വള്ളക്കടവ് ഭാഗത്തേയ്ക്കുള്ള LT ഫീഡർ വേർപ്പെടുത്തി 160 കെ.വി.എ കുന്നിൽ

ട്രാൻസ്ഫോർമറിലേയ്ക്ക് മാറ്റുകയും, LT റീ കണ്ടക്ടറിംഗ് ജോലികളും കൂടാതെ സ്പെയ്സർ ഇൻസ്റ്റാലേഷൻ ജോലികളും പൂർത്തിയാക്കിയതായും, ബിലാൽനഗർ പ്രദേശത്തേയ്ക്കുള്ള LT ഫീഡറിന്റെ ലോഡ് കുറയ്ക്കാൻ LT ഏരിയൽ ബഞ്ച്ഡ് കേബിൾ ഉപയോഗിച്ച് വള്ളകടവ് ജമാ അത്തിലേയ്ക്ക് പുതിയ LT ഫീഡർ വലിയ്ക്കാൻ തീരുമാനിച്ചതായും, ഏപ്രിൽ 2023 ഓടെ വള്ളക്കടവ് ട്രാൻസ്ഫോർമറിലെ സ്പെയ്സർ ഇൻസ്റ്റാലേഷൻ പൂർത്തീകരിച്ചതായും പ്രസ്തുത റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ട്

പരാതിയും റിപ്പോർട്ടും കമ്മീഷൻ പരിശോധിക്കുകയും ഹർജികക്ഷിയെ നേരിൽ കേൾക്കുകയും ചെയ്തു. പരാതി പരിഹരിക്കുന്നതിനായി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് അധികൃതർ ആവശ്യമായ നടപടികൾ ഇതിനകം തന്നെ സ്വീകരിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ പരാതിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലായെന്ന് കണ്ട് തീർപ്പാക്കുന്നു.

ഒപ്പ്
**കെ.ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ I/C